# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 509** **29.06.2015-ലെ മറുപടിക്ക്**

## സാമ്പത്തിക വളർച്ചാ നിരക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ | ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| | | |
|---|---|---|
| (എ) | സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചാ നിരക്ക് ദേശീയ ശരാശരിയുമായി താരതമ്യം ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ ; | 2005-06 മുതലുള്ള സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചാ നിരക്കുകൾ ദേശീയ ശരാശരിയുമായി താരതമ്യം ചെയ്തുകൊണ്ടുള്ള കണക്കുകൾ ചുവടെ ചേർത്തിരിക്കുന്നു. (പട്ടിക താഴെ) |
| (ബി) | 2012 -ന് ശേഷം സാമ്പത്തിക വളർച്ചാ നിരക്ക് ദേശീയ ശരാശരിക്ക് മുകളിൽ ഉയർന്നതിന്റെ കാരണങ്ങൾ പഠനവിധേയമാക്കിയിട്ടുണ്ടോ ; കണ്ടെത്തലുകൾ വെളിപ്പെടുത്തുമോ ; | സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച ചില വർഷങ്ങളിൽ ദേശീയ നിരക്കിനെക്കാൾ കൂടുതലായിരുന്നു. സംസ്ഥാനത്തിന്റെ ആഭ്യന്തര മൊത്തം ഉത്പാദനത്തിന്റെ 70 ശതമാനവും സംഭാവന ചെയ്യുന്നത് ഗതാഗതം, സംഭരണം, വാർത്താവിനിമയം എന്നിവ ഉൾപ്പെടുന്ന സേവന മേഖലയാണ്. ഈ മേഖലയുടെ ഉയർന്ന വളർച്ചാ നിരക്കാണ് കേരളത്തിന്റെ വളർച്ചാ നിരക്ക് ദേശീയ ശരാശരിയെക്കാൾ ഉയരാൻ കാരണമായിട്ടുള്ളത്. ഇത് സംബന്ധിച്ച് പ്രത്യേക പഠനങ്ങൾ ഒന്നും നടത്തിയിട്ടില്ല. |
| (സി) | സാമ്പത്തിക വളർച്ചാ നിരക്കിൽ വർദ്ധിച്ചുവരുന്ന പൊതുകടം പ്രതിസന്ധി സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ? | സംസ്ഥാനത്തിന്റെ കടം ധന ഉത്തരവാദ നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള പരിധിക്കുള്ളിൽ നിലനിർത്തിപ്പോരുന്നതിനാൽ വർദ്ധിച്ചുവരുന്ന പൊതുകടം സമ്പത്തിക വളർച്ചാ നിരക്കിൽ പ്രതിസന്ധി സൃഷ്ടിക്കുമെന്ന് കരുതുന്നില്ല. മാത്രമല്ല വായ്പയിലൂടെ സമാഹരിക്കുന്ന തുക സംസ്ഥാനത്തിന്റെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നതിനാൽ ഇത് ദീർഘകാലാടിസ്ഥാനത്തിൽ സാമ്പത്തിക വളർച്ചയെ ത്വരിതപ്പെടുത്തുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. |

| വർഷം | മൊത്തം സംസ്ഥാന ആഭ്യന്തരോൽപാദനത്തിന്റെ (ജി.എസ്.ഡി.പി.) വളർച്ചാ നിരക്ക് (%) | മൊത്തം ദേശീയ ആഭ്യന്തരോൽപാദനത്തിന്റെ (ജി.ഡി.പി.) ശരാശരി വളർച്ചാ നിരക്ക് (%) |
|---|---|---|
| 2005-06 | 10.1 | 9.5 |
| 2006-07 | 7.9 | 9.6 |
| 2007-08 | 8.8 | 9.3 |
| 2008-09 | 5.6 | 6.7 |
| 2009-10 | 9.2 | 8.4 |
| 2010-11 | 6.9 | 9.5 |
| 2011-12 | 5.9 | 6.3 |
| 2012-13 | 5.9 | 4.5 |
| 2013-14 | 6.3 | 4.7 |

സെക്ഷൻ ഓഫീസർ